(സി) 2003 ഏപ്രിൽ മാസത്തെ ലോറി സമരകാലത്ത് കർഷകരിൽനിന്നും പച്ചക്കറി ഉൽപ്പാദക സംഘങ്ങളിൽനിന്നുമായി 35 (മുപ്പത്തി അഞ്ച്) ടണ്ണോളം പച്ചക്കറികൾ സംഭരിക്കുകയുണ്ടായി.

(ഡി) ഏത്തൻ, രസകദളി, കപ്പപ്പഴം, പാളയൻകോടൻ, പാവയ്ക്ക, പയർ, പടവലം, വെള്ളരി, ചേന, കാച്ചിൽ, ചേമ്പ്, ഇഞ്ചി, കോവയ്ക്ക, വഴുതന, ചീര, മത്തങ്ങ, കുമ്പളങ്ങ, പൈനാപ്പിൾ, നാളികേരം തുടങ്ങിയവയാണ് സംഭരിച്ചത്.

(ഇ) തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ തുടങ്ങിയ ജില്ലകളിലെ കർഷക സംഘങ്ങളിൽനിന്നും ലോറി സമരകാലത്ത് 2,78,445 രൂപയ്ക്കുള്ള പച്ചക്കറികൾ സംഭരിക്കുകയുണ്ടായി.

നെൽപ്പാടങ്ങളിൽ ഇടവിളകൃഷി നടത്തുന്നവർക്ക് പ്രോൽസാഹനം

64 [4791] ശ്രീ. സി. പി. മുഹമ്മദ്:
„ എം. കെ. പോൾസൺ മാസ്റ്റർ:
„ കെ. എ. ചന്ദ്രൻ:
„ ഡൊമിനിക് പ്രസന്റേഷൻ:
„ തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽപ്പാടങ്ങളിൽ ഇടവിളകൃഷി നടത്തുന്നവർക്ക് എന്തെല്ലാം പ്രോൽസാഹനങ്ങൾ നൽകിവരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം വിധത്തിലുള്ള ഇടവിളകൾക്കാണ് പ്രോൽസാഹനങ്ങൾ നൽകിവരുന്നത്;

(സി) ഇത് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) നെൽപ്പാടങ്ങളിൽ എള്ള് കൃഷി നടത്തുന്നവർക്കുവേണ്ട വിത്തും വളവും നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ—സി) നെൽപ്പാടങ്ങളിൽ ഇടവിള കൃഷി പ്രോൽസാഹിപ്പിക്കുന്നില്ല. എന്നാൽ വിള പരിക്രമത്തിന്റെ ഭാഗമായി മൂന്നാം വിളക്കാലത്ത് പച്ചക്കറി, പയറുവർഗ്ഗങ്ങൾ, എള്ള്, നിലക്കടല എന്നിവ കൃഷിചെയ്യുന്നത് പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഹെക്ടറിന് മൊത്തം 1000 രൂപ നിരക്കിൽ പാടശേഖര സമിതി മുഖേന ധനസഹായം നൽകുന്നുണ്ട്. ഈ ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല.

(ഡി) നെൽപ്പാടങ്ങളിൽ എള്ള് കൃഷി നടത്തുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി എള്ളുകൃഷി വികസന പ്രദർശന തോട്ടങ്ങൾ 10 ഹെക്ടറിൽ സംഘടിപ്പിക്കുന്നതിനും ഈ പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുന്നതിന് വിത്ത്, വളം തുടങ്ങിയ ഉൽപ്പാദനോപാധികൾ ലഭ്യമാക്കുന്നതിനായി കർഷകർക്ക് ഹെക്ടറിന് 2000 രൂപ നിരക്കിൽ ധനസഹായം ലഭ്യമാക്കുന്നതിനും പദ്ധതിയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly